# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2943 — 18.06.2018 -ൽ മറുപടിക്ക്

## പുറമ്പോക്ക് ഭൂമിയിലെ മരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ.എൻ. ജയരാജ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സർക്കാരാവശ്യത്തിന് കെട്ടിടം പണിയുന്നതിനും പുറമ്പോക്കുകളിൽ ജനങ്ങൾക്ക് ഭീഷണിയായും നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള റവന്യൂ വകുപ്പിന്റെ നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) സർക്കാർ ഭൂമിയിൽ സർക്കാർ ആവശ്യത്തിന് കെട്ടിടം പണിയുന്നതിന് പൊതുസ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള അനുവാദത്തിനായി, ടി സ്ഥലം ഏത് വകുപ്പിന്റെ അധീനതയിലാണോ ഉൾപ്പെട്ടിട്ടുള്ളത് ആ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ട്രീ കമ്മിറ്റി (Tree committee) മുമ്പാകെ അപേക്ഷ നൽകി അനുവാദം വാങ്ങി നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ച് മുറിച്ച് നീക്കാവുന്നതാണ്.<br>പുറമ്പോക്കിൽ ജനങ്ങൾക്ക് അപകട ഭീഷണിയായി നിൽക്കുന്ന മരങ്ങൾ പരിശോധിച്ച് ഉടൻ അപകട കാരണമാകാവുന്ന മരങ്ങൾ മാറ്റുന്നതിനുള്ള അപേക്ഷകൾക്ക് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് Cr PC സെക്ഷൻ 133 പ്രകാരം വെട്ടിമാറ്റുന്നതിന് മരം ഉൾപ്പെട്ടുവരുന്ന സ്ഥലം ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണോ ആ വകുപ്പിന് ഉത്തരവ് നൽകുന്നതിന് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കൂടിയായ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അധികാരമുണ്ട്. ടി അധികാരം ഉപയോഗിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട എത്ര പരാതികൾ കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി താലൂക്ക് ഓഫീസുകളിൽ 2014 മുതൽ ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട്, വ്യക്തമാക്കാമോ; | (ബി) ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 2014 മുതൽ 44 പരാതികൾ ലഭിച്ചിട്ടുള്ളതും, തുടർ നടപടിയ്ക്കായി കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതും ടി പരാതികളുമായി ബന്ധപ്പെട്ട് കോട്ടയം റവന്യൂ ഡിവിഷണൽ ആഫീസിൽ 14 കേസുകൾ തീർപ്പാക്കാനുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | സമയബന്ധിതമായി ഈ പരാതികൾ തീർപ്പുകൽപ്പിക്കാൻ നടപടിയെടുക്കാത്തതുമൂലം എത്ര തുക സർക്കാർ ഖജനാവിന് നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കത്തക്ക കേസുകൾ ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത പരാതികൾ തീർപ്പുകൽപ്പിക്കുന്നതിന് ഒരു അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**